©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2025 ഒക്ടോബർ 06<br>06th October 2025<br>1201 കന്നി 20<br>20th Kanni 1201<br>1947 ആശ്വിനം 14<br>14th Aswina 1947 | നമ്പർ<br>No. 3534 |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

വിജ്ഞാപനം

**സ.ഉ. (അച്ചടി) നമ്പർ 52/2025/തസ്വഭവ.**

*തിരുവനന്തപുരം, തീയതി 2025, സെപ്റ്റംബർ 30*
*1201, കന്നി 14*
*1947, ആശ്വിനം 8.*

**എസ്. ആർ. ഒ. നമ്പർ 1153/2025**

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 215-ാം വകുപ്പിനോടും 368-ാം വകുപ്പിനോടും 565-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ബി) ഖണ്ഡം കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച്, കേരള സർക്കാർ, 2000 ഒക്ടോബർ 21-ാം തീയതിയിലെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ.ഉ.(പി) നം. 297/2000/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2000 ഒക്ടോബർ 21-ാം തീയതിയിലെ 1880-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 980/2000 നമ്പരായി പ്രസിദ്ധീകരിച്ചതുമായ 2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനു വേണ്ടി കേരള സർക്കാർ, ഇതിനാൽ താഴെ പറയും പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:-

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.-(1) ഈ ചട്ടങ്ങൾക്ക് 2025-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങൾക്കുള്ള ഭേദഗതി.- 2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിൽ, 10-ാം ചട്ടത്തിനു പകരം താഴെ പറയുന്ന ചട്ടം ചേർക്കേണ്ടതാണ്, അതായത്:-

"10. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ഭിന്നശേഷിക്കാർക്കും സ്ത്രീകൾക്കും സംവരണം.-(1) മുനിസിപ്പാലിറ്റി ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ പാട്ടത്തിനോ നൽകുന്ന ഷോപ്പിംഗ് കോംപ്ലക്സുകൾ, വ്യവസായ എസ്റ്റേറ്റുകൾ, കടമുറികൾ, ബങ്കുകൾ, സ്റ്റാളുകൾ മുതലായവയുടെ ഓരോ ഇനത്തിലും പത്തു ശതമാനം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്കു വേണ്ടിയും മൂന്ന് ശതമാനം ഭിന്നശേഷിക്കാർക്കു (50% ന് മുകളിൽ ഭിന്നശേഷിയുള്ള) വേണ്ടിയും അഞ്ച് ശതമാനം സ്ത്രീകൾക്കു വേണ്ടിയും സംവരണം ചെയ്യേണ്ടതും അപ്രകാരം സംവരണം ചെയ്യപ്പെട്ടിട്ടുള്ളവ ആ വിഭാഗക്കാരിൽ നിന്ന് മാത്രം പരസ്യമായി അപേക്ഷ ക്ഷണിച്ചു നൽകേണ്ടതുമാണ്.

(2) (1)-ാം ഉപചട്ടപ്രകാരം സംവരണം ചെയ്യപ്പെട്ട ഷോപ്പിംഗ് കോംപ്ലക്സുകൾ, വ്യവസായ എസ്റ്റേറ്റുകൾ, കടമുറികൾ, ബങ്കുകൾ, സ്റ്റാളുകൾ മുതലായവയ്ക്ക് പരസ്യമായ അപേക്ഷ ക്ഷണിച്ച ശേഷവും ബന്ധപ്പെട്ട വിഭാഗത്തിൽ നിന്നും അപേക്ഷകർ ആരും ഇല്ലാത്തപക്ഷം അവ മറ്റ് വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിക്കാവുന്നതും എന്നാൽ അടുത്തുണ്ടാകുന്ന ഒഴിവ് ഈ വിഭാഗത്തിൽപ്പെട്ടവർക്കായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.".

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
അനുപമ ടി. വി.,
*ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നത് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാടകയ്ക്കോ, പാട്ടത്തിനോ നൽകുന്ന ഷോപ്പിംഗ് കോംപ്ലക്സുകൾ, വ്യവസായ എസ്റ്റേറ്റുകൾ, കടമുറികൾ, ബങ്കുകൾ, സ്റ്റാളുകൾ മുതലായവയിൽ മൂന്ന് ശതമാനം ഭിന്നശേഷിക്കാർക്കും അഞ്ച് ശതമാനം സ്ത്രീകൾക്കും വേണ്ടി സംവരണം അനുവദിക്കുന്നതിന് ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടത് ആവശ്യമാണെന്നുള്ളതിനാൽ 2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.10.06 02:57:59 +05:30